പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3299** 13.03.2017 -ൽ മറുപടിക്ക്

## പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.ഐ.ബി.സതീഷ്
ശ്രീ. റ്റി.വി.രാജേഷ്
ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും പുരാവസ്തു സംരക്ഷണവും മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ് ; | (ബി) | ഇടുക്കി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണോദ്ഘാടനം, മടവൂർപ്പാറ ഗുഹാ ക്ഷേത്രം പരിസ്ഥിതി സൗഹൃദ കേന്ദ്രമാക്കി ജനങ്ങൾക്ക് തുറന്നു കൊടുക്കൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എക്സിബിഷൻ, സെമിനാർ എന്നിവയും വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലാണ് ആയത് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃകമ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതി പുരാവസ്തു വകുപ്പ് നടപ്പാക്കി വരുന്നു. ആദ്യഘട്ടത്തിൽ 8 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം) സ്ഥലം കണ്ടെത്തി സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം ഒഴികെയുള്ള മറ്റ് എല്ലാ പൈതൃക മ്യൂസിയങ്ങളുടെയും സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം പൈതൃക സ്മാരകങ്ങൾക്കാണ് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ഡി) | നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ ധനസഹായം ലഭിച്ചിട്ടുണ്ട്. 1379.02 ലക്ഷം അടങ്കൽ തുകയുള്ള പദ്ധതിയ്ക്കായി 1049.92 ലക്ഷം കേന്ദ്രവിഹിതവും 329.1 ലക്ഷം സംസ്ഥാന വിഹിതവുമാണ്. ഇതിൽ നാളിതുവരെ 524.96 ലക്ഷം കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. |
| (ഇ) | പൈതൃകത്തെക്കുറിച്ച് മറുനാടൻ മലയാളികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി കേരള പൈതൃകോത്സവം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഇ) | കേരള പൈതൃകോത്സവം 2017 ഫെബ്രുവരി 25, 26, 27 തീയതികളിൽ ഹൈദരാബാദിൽ സംഘടിപ്പിച്ചിട്ടുണ്ട്. |

8

സെക്ഷൻ ഓഫീസർ